"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് - പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.14/2026/LBR തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-
1. 06/09/2019-ലെ സ.ഉ.(കൈ) നമ്പർ 39/2019/തൊഴിൽ.
2. 10/02/2021-ലെ സ.ഉ.(അച്ചടി) നമ്പർ 27/2021/ധന.
3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/09/2021, 10/12/2021 തീയതികളിലെ ബി(1) 1736/2021 നമ്പർ കത്തുകൾ.
4. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/03/2024, 09/05/2025 തീയതികളിലെ TWWFB/CEO/401/2024-B1 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ച പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്ക്, സർക്കാർ അനുമതിയ്ക്ക് വിധേയമായി ബാധകമാക്കുന്നതിന് 28/05/2021-ലെ ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ടി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാർ അനുമതിയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചുവടെ പറയുന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാർക്ക്, പരാമർശം (2) ഉത്തരവിനെ ആധാരമാക്കി, ചുവടെ പരാമർശിക്കും പ്രകാരമുള്ള നിബന്ധനകൾക്കു വിധേയമായി, 01/07/2019 തീയതി പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | അനുവദിച്ച തസ്തികകളുടെ എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1. | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 2. | അക്കൗണ്ട്സ് ഓഫീസർ | 1 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 3. | സീനിയർ സൂപ്രണ്ട് | 1 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 4. | ജില്ലാ എക്സിക്യൂട്ടീവ് ഒഫീസർ | 9 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 5. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 20000-45800 | 27900-63700 |
| 6. | സീനിയർ ക്ലർക്ക് | 10 | 25200-54000 (അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി ചെയ്യുന്നവർക്ക് മാതൃവകുപ്പിലേതിനു സമാനമായ ശമ്പള സ്കെയിലിന് അർഹത ഉണ്ടായിരിക്കുന്നതാണ്). | 35600-75400 (അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി ചെയ്യുന്നവർക്ക് മാതൃവകുപ്പിലേതിനു സമാനമായ ശമ്പള സ്കെയിലിന് അർഹത ഉണ്ടായിരിക്കുന്നതാണ്) |
| 7. | ക്ലർക്ക് | 28 (2 തസ്തികകൾ സൂപ്പർന്യൂമററി) | 19000-43600 (അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി ചെയ്യുന്നവർക്ക് മാതൃവകുപ്പിലേതിനു സമാനമായ ശമ്പള സ്കെയിലിന് അർഹത ഉണ്ടായിരിക്കുന്നതാണ്) | 26500-60700 (അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി ചെയ്യുന്നവർക്ക് മാതൃവകുപ്പിലേതിനു സമാനമായ ശമ്പള സ്കെയിലിന് അർഹത ഉണ്ടായിരിക്കുന്നതാണ്) |
| 8. | എൽ.ഡി. ടൈപ്പിസ്റ്റ് | 10 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 9. | എൽ.ഡി. ക്ലർക്ക്/ടൈപ്പിസ്റ്റ് | 2 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 10. | ഡ്രൈവർ | 2 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 11. | ഓഫീസ് അറ്റൻഡന്റ് | 16 (1 തസ്തിക | 16500-35700 | 23000-50200 |

| | | | | |
|---|---|---|---|---|
| | | സൂപ്പർ ന്യൂമററി) | | |
| 12. | നൈറ്റ് വാച്ചർ | 1 | 16500-35700 | 23000-50200 |
| 13. | പാർട്ട് ടൈം സ്വീപ്പർ | 9 | 8200-13340 | 11500-18940 |

<u>നിബന്ധനകൾ</u>

i. മേൽ ശമ്പള പരിഷ്ക്കരണം 01/07/2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ii. 01/07/2019-ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01/07/2019-ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

iii. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ പരാമർശം (2) ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

iv. പരാമർശം (2) ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

v. വീട്ട് വാടക ബത്ത പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

vi. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

vii. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

viii. ഇ.പി.എഫ് ലേയ്ക്കുള്ള തൊഴിൽ ദാതാവിന്റെ വിഹിതം (അടിസ്ഥാന ശമ്പളം + ഡി.എ) പരമാവധി 15000/- രൂപയുടെ 12% എന്ന നിരക്കിൽ കണക്കാക്കേണ്ടതാണ്.

ix. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

x. ശമ്പള പരിഷ്ക്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

xi. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം (1) ഉത്തരവിലെ അനക്സർ VI-ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

xii. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ,

ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

xiii. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

xiv. ശമ്പള പരിഷ്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

xv. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

xvi. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22/10/2001-ലെ സ.ഉ.(അച്ചടി) നമ്പർ 1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

xvii. കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ 26/02/2016-ലെ സ.ഉ.(അച്ചടി) നമ്പർ 28/2016/ധന, 09/07/2019 -ലെ സ.ഉ.(അച്ചടി) നമ്പർ 81/2019/ധന എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർ ക്ക് 19/04/2025-ലെ സ.ഉ.(അച്ചടി) നമ്പർ 54/2025/ധന ഉത്തരവിൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

xviii. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും തയ്യൽ തൊഴിലാളി ബോർഡിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

xix. നിശ്ചിത കാലയളവിലേയ്ക്ക് സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് തുടർച്ചാനുമതിയുടെ തീയതി വരെ മാത്രമായി ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്.

xx. ശമ്പള നിർണ്ണയം, അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ധനകാര്യ വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ്.

xxi. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ തയ്യൽ തൊഴിലാളി ബോർഡ് ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.

xxii. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത

സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

xxiii. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം (അറിവിലേയ്ക്കായി).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി.) വകുപ്പ് (02/03/2026-ലെ ഇനം നം. 3793 പ്രകാരം).
ധനകാര്യ വകുപ്പ് (27/10/2025-ലെ 1964611/LBR-1/4/2022-FIN നമ്പർ കുറിപ്പ് പ്രകാരം).
ഡയറക്ടർ, ഐ.&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (നം. LBRD-H1/170/2021-LBRD).

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 13-03-2026 12:11:53
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-03-2026**

ഫയൽ നം. LBRD-H1/170/2021/LBRD. ഇനം നം: 3793

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് ബാധകമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്‌പെഷ്യൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

Office of the Special Secretary, Labour & Skills Department, Government of Kerala, Secretariat, Thiruvananthapuram

3793

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | LBRD-H1/170/2021-LBRD |
| 2. | വകുപ്പ് | : | തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ് |
| 3. | വിഷയം | : | പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ ആനുകൂല്യങ്ങൾ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് ബാധകമാക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിച്ച തീയതി | : | 25.02.2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ? | : | സർക്കാരിന് സാമ്പത്തിക ബാധ്യതയില്ല. |
| | (ii) സാമ്പത്തിക ബാധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ചന്ദ്ര എൻ.കെ. |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഷാനവാസ് എസ്. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.02.2026 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 02.03.2026 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | 12/03/2026 ലെ സ.ഉ.(കൈ) 14/2023/LBR |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് കൂടി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. 10/02/2021-ലെ സ.ഉ.(അച്ചടി) നം. 27/2021/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നടപ്പാക്കിയ പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ അനുമതിയ്ക്ക് വിധേയമായി കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്കും പ്രസ്തുത ശമ്പള പരിഷ്കരണം ബാധകമാക്കുന്നതിന് 28/05/2021-ലെ ബോർഡ് യോഗം 168(3)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയ്ക്കായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത ശമ്പള പരിഷ്കരണ ശിപാർശ, നിബന്ധനകളോടെ അംഗീകരിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട് -

*"10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിനെ ആധാരമാക്കി കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചുവടെ പറയുന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാർക്ക് ചുവടെ പരാമർശിക്കും പ്രകാരമുള്ള നിബന്ധനകൾക്കു വിധേയമായി 01.07.2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.*

| ക്രമ നം. | തസ്തിക | അനുവദിച്ച തസ്തികകളുടെ എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 2 | അക്കൗണ്ട്സ് ഓഫീസർ | 1 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 3 | സീനിയർ സൂപ്രണ്ട് | 1 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 4 | ജില്ലാ എക്സിക്യൂട്ടീവ് ഒഫീസർ | 9 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 20000-45800 | 27900-63700 |
| 6 | സീനിയർ ക്ലർക്ക് | 10 | 25200-54000 (അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി ചെയ്യുന്നവർക്ക് | 35600-75400 (അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി ചെയ്യുന്നവർക്ക് |

| | | | | |
|---|---|---|---|---|
| | | | മാതൃവകുപ്പിലേതിനു സമാനമായ ശമ്പള സ്കെയിലിന് അർഹത ഉണ്ടായിരിക്കുന്നതാണ്). | മാതൃവകുപ്പിലേതിനു സമാനമായ ശമ്പള സ്കെയിലിന് അർഹത ഉണ്ടായിരിക്കുന്നതാണ്) |
| 7 | ക്ലർക്ക് | 28 (2 തസ്തികകൾ സൂപ്പർന്യൂമററി) | 19000-43600 (അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി ചെയ്യുന്നവർക്ക് മാതൃവകുപ്പിലേതിനു സമാനമായ ശമ്പള സ്കെയിലിന് അർഹത ഉണ്ടായിരിക്കുന്നതാണ്) | 26500-60700 (അന്യത്ര സേവന വ്യവസ്ഥ പ്രകാരം ജോലി ചെയ്യുന്നവർക്ക് മാതൃവകുപ്പിലേതിനു സമാനമായ ശമ്പള സ്കെയിലിന് അർഹത ഉണ്ടായിരിക്കുന്നതാണ്) |
| 8 | എൽ.ഡി. ടൈപ്പിസ്റ്റ് | 10 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 9 | എൽ.ഡി. ക്ലർക്ക്/ടൈപ്പിസ്റ്റ് | 2 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 10 | ഡ്രൈവർ | 2 | മാതൃവകുപ്പിലേതിനു സമാനം | മാതൃവകുപ്പിലേതിനു സമാനം |
| 11 | ഓഫീസ് അറ്റൻഡന്റ് | 16 (1 തസ്തിക സൂപ്പർ ന്യൂമററി) | 16500-35700 | 23000-50200 |
| 12 | നൈറ്റ് വാച്ചർ | 1 | 16500-35700 | 23000-50200 |
| 13 | പാർട്ട് ടൈം സ്വീപ്പർ | 9 | 8200-13340 | 11500-18940 |

**<u>നിബന്ധനകൾ</u>**

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ. (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.
5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന

മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.
7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.
8. ഇ.പി.എഫ് ലേയ്ക്കുള്ള തൊഴിൽ ദാതാവിന്റെ വിഹിതം (അടിസ്ഥാന ശമ്പളം + ഡി.എ) പരമാവധി 15000/- രൂപ യുടെ 12% എന്ന നിരക്കിൽ കണക്കാക്കേണ്ടതാണ്.
9. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.
10. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.
11. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ(റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.
13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
14. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
15. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല
16. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ(പി)നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.
17. കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O.(P)No.28/2016/Fin dtd 26.02.2016, G.O.(P)No.81/2019/Fin തീയതി 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 19.04.2025-ലെ G.O.(P)No.54/2025/Fin-ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

18. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും തയ്യൽ തൊഴിലാളി ബോർഡിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.
19. നിശ്ചിത കാലയളവിലേയ്ക്ക് സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് തുടർച്ചാനുമതിയുടെ തീയതി വരെ മാത്രമായി ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്.
20. ശമ്പള നിർണ്ണയം, അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് ധനകാര്യ വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ്.
21. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ തയ്യൽ തൊഴിലാളി ബോർഡ് ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.
22. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.
23. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.
24. ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടതാണ്.

ഇതിന് ബഹു . ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് ."

3. 10/02/2021-ലെ സ.ഉ.(അച്ചടി) നം. 27/2021/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നടപ്പാക്കിയ പതിനൊന്നാം ശമ്പള പരിഷ്കരണം, ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായപ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി, 01/07/2019 പ്രാബല്യത്തിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

10/02/2021-ലെ സ.ഉ.(അച്ചടി)നം. 27/2021/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച 11-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ, ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായ്, 01/07/2019 പ്രാബല്യത്തിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ?